# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.120** **28.10.2019-ലെ മറുപടിക്ക്**

**<u>പ്രവാസി കമ്മീഷൻ പ്രവർത്തനങ്ങൾ</u>**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.പാറക്കൽ അബ്ദുള്ള<br>ശ്രീ.എൻ.ഷംസുദ്ദീൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും വേണ്ടി രൂപീകരിച്ച പ്രവാസി കമ്മീഷന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ; | (എ) സർക്കാർ നിയോഗിച്ച പ്രവാസി ഭാരതീയർ(കേരളീയർ)കമ്മീഷൻ, പ്രവാസി ഭാരതീയരായ കേരളീയരുടേയും കുടുംബാംഗങ്ങളുടേയും താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും, അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും സംസ്ഥാനത്തിന്റെ വിവിധ ജില്ലകൾ തോറും നിരവധി സിറ്റിംഗുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തി വരുന്നു. പ്രവാസികളുടെ പരാതികൾക്ക് വിവിധ വകുപ്പുകളും ഏജൻസികളുമായി ബന്ധപ്പെട്ട് ശാശ്വത പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് ഇതിനകം കമ്മീഷന് കഴിഞ്ഞിട്ടുണ്ട്. 2016 മുതൽ 2019 ഒക്ടോബർ വരെ ലഭിച്ച 1000 ൽ പരം പരാതികളിൽ 583 എണ്ണം ഒ.പി.കളായി രജിസ്റ്റർ ചെയ്ത് ആയതിൽ 352 എണ്ണം തീർപ്പാക്കിയിട്ടുണ്ട്. ഒ.പി.കളായി രജിസ്റ്റർ ചെയ്യാത്ത പരാതികൾ ബന്ധപ്പെട്ട വകുപ്പുകൾ/ഏജൻസികളുമായി ബന്ധപ്പെട്ട് തീർപ്പാക്കിയിട്ടുണ്ട്. തിരികെ വന്ന പ്രവാസികൾക്ക് |

സേവന ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി കമ്മീഷന്റെ ഗൾഫ് മേഖലയിലെ അംഗങ്ങൾ മുഖേന നടപടി സ്വീകരിച്ചുവരുന്നു. തിരികെയെത്തുന്ന പ്രവാസികൾക്ക് പുനരധിവാസ സംരംഭങ്ങൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. പ്രവാസികൾ നേരിടേണ്ടി വരുന്ന പ്രശ്നങ്ങളായ വസ്തു/ അതിർത്തി തർക്കം, കുടുംബപ്രശ്നങ്ങൾ, ധനപരമായി കബളിപ്പിക്കൽ എന്നിവയും, കേരള പ്രവാസി കേരളീയ ക്ഷേമബോർഡ്, നോർക്ക-റൂട്ട്സ് എന്നിവിടങ്ങളിൽ നിന്നും, വിദേശ തൊഴിൽദായകരിൽ നിന്നും ലഭിക്കേണ്ട വിവിധ ആനുകൂല്യങ്ങൾ എന്നിവയും കമ്മീഷൻ ഇടപെട്ട് പരിഹാരം കണ്ടെത്തുന്നുണ്ട്. കൂടാതെ ഗൾഫ് മേഖലയിലുള്ള കമ്മീഷന്റെ അംഗങ്ങൾ വിദേശത്തുള്ള കേരളീയരായ പ്രവാസികളുടെ വിവിധ പ്രശ്നങ്ങളിൽ ഇടപെട്ട് അവർക്ക് നിയമപരമായ എല്ലാ സഹായവും ചെയ്തുവരുന്നു. അദാലത്തുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തി തങ്ങളുടെ അവകാശങ്ങളെ സംബന്ധിച്ച് പ്രവാസികളിൽ അവബോധം സൃഷ്ടിക്കുന്നതിനും പരാതികളിൽ പരിഹാരം കണ്ടെത്തുന്നതിനും പ്രവാസി കമ്മീഷന് ഇതിനകം കഴിഞ്ഞിട്ടുണ്ട്.

| | |
|---|---|
| (ബി) കമ്മീഷന്റെ ഓഫീസുകൾ ഇപ്പോൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത് പുതിയ റീജിയണൽ ഓഫീസുകളും ജില്ലാ ഓഫീസുകളും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) കമ്മീഷന്റെ ആസ്ഥാന ഓഫീസ് തിരുവനന്തപുരത്ത് തൈക്കാട്ടുള്ള നോർക്ക റൂട്ട്സ് കെട്ടിടത്തിന്റെ ഏഴാം നിലയിൽ പ്രവർത്തിച്ചുവരുന്നു. പുതിയ റീജിയണൽ ഓഫീസുകളും, ജില്ലാ ഓഫീസുകളും ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

| | |
|---|---|
| (സി) പ്രവാസികളുടെയും അവരുടെ കുടുംബാംഗങ്ങളുടേയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ചൂഷണങ്ങൾ തടയുന്നതിനും കമ്മീഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;<br>(ഡി) എങ്കിൽ തിരിച്ചുവരുന്ന പ്രവാസികളുടെ നൈപുണ്യം മനസ്സിലാക്കി അവരെ തൊഴിൽ വിപണിയോട് കൂട്ടിച്ചേർക്കുവാനും സ്വയം തൊഴിൽ കണ്ടെത്തുവാനും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ കമ്മീഷൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) & (ഡി) കേരളീയരായ പ്രവാസികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും നേരിട്ട് അവരുടെ പ്രശ്നങ്ങൾ അവതരിപ്പിക്കാൻ കഴിയുന്ന ജുഡീഷ്യൽ അധികാരമുള്ള ഒരു സ്ഥാപനമാണ് പ്രവാസി ഭാരതീയർ (കേരളീയർ)കമ്മീഷൻ. കമ്മീഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ